(സി) ഉദ്ദേശം 41 ദിവസം മുതൽ 180 ദിവസം വരെ തൊഴിൽ ദിനങ്ങൾ.

(ഡി) 13,312.

"പാലക്കാട് ജില്ലയിൽ നടന്ന തൊഴിൽ സമരങ്ങൾ"

1002 [1892] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാടു ജില്ലയിൽ 1985 ജൂൺ 30നു ശേഷം 1986 ജൂൺ 30 വരെ എത്ര തൊഴിൽ സമരങ്ങൾ നടന്നു;

(ബി) മേൽപറഞ്ഞ കാലയളവിൽ നടന്ന തൊഴിൽ സമരങ്ങൾ ഏതൊക്കെയാണെന്നും അതിൽ പങ്കാളികളായ തൊഴിലാളികളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ പാലക്കാടു ജില്ലയിൽ നിലനിൽക്കുന്ന തൊഴിൽ സമരങ്ങൾ ഏതെല്ലാം;

(ഡി) ഓരോന്നും എത്ര കാലമായി തുടങ്ങിയതാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6.

(ബി)

1. മദ്രാസ് സിമ്പിനേഴ്സ്—40 തൊഴിലാളികൾ,
2. പ്രൈവറ്റ് ബസ് തൊഴിലാളികൾ—3000.
3. കോമൺവെൽത്ത് ട്രസ്റ്റ് ഇൻഡ്യാ ലിമിറ്റഡ്—251.
4. കുന്നത്ത് പേപ്പർ മിൽസ്—100.
5. എം. എസ്. ചെട്ടിമാർക്ക് ബീഡി കമ്പനി—70.
6. ആര്യവൈദ്യഫാർമസി—200.

(സി)

1. കോമൺവെൽത്ത് ട്രസ്റ്റ് ഇൻഡ്യാ ലിമിറ്റഡ്.
2. കുന്നത്ത് പേപ്പർ മിൽസ്.
3. ആര്യവൈദ്യഫാർമസി.

(ഡി)

1. കോമൺവെൽത്ത് ട്രസ്റ്റ് ഇൻഡ്യാ ലിമിറ്റഡ്—9-4-1986 മുതൽ.
2. കുന്നത്ത് പേപ്പർ മിൽസ്—23-5-1986 മുതൽ.
3. ആര്യവൈദ്യഫാർമസി—21-6-1986 മുതൽ.

LIBRARY ARCHIVES Kerala Legislative Assembly